നിബന്ധനകൾ ശരിയായി പാലിക്കാത്തതിനാൽ ഗുണഭോക്താക്കൾ പുറത്താക്കപ്പെടുക മുതലായ കാരണങ്ങളാലാണ് 2011-12 മുതൽ പദ്ധതിക്ക് അനുവദിച്ച തുക മുഴുവനും ചെലവഴിക്കുവാൻ കഴിയാതിരുന്നത്.

ഗോവർദ്ധിനി പദ്ധതി

240 (1618) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ കാലത്ത് ഗോവർദ്ധിനി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം മുതൽ ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി)

1. കന്നുകുട്ടികൾക്ക് സമഗ്ര ആരോഗ്യ സംരക്ഷണം നൽകുക.

2. ആരോഗ്യമുള്ള ഒരു കന്നുകുട്ടി പ്രായപൂർത്തിയാകുന്നത് 15 മാസത്തിൽ കവിയാതിരിക്കുക.

3. ആദ്യപ്രസവം 24 മാസത്തിനും 26 മാസത്തിനുമിടയ്ക്കുതന്നെ നടക്കുക.

4. രണ്ടുപ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക അതായത് 13 മാസത്തിൽ കവിയാതിരിക്കുക.

5. സങ്കരയിനം കന്നുകാലികളുടെ ഒരു പ്രസവത്തിലെ പാലുൽപ്പാദനശേഷി മുഴുവനും പ്രയോജനപ്പെടുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

6. ഇപ്പോൾ നിലവിലുള്ള ഉൽപ്പാദനശേഷി കുറഞ്ഞ പശുക്കൾക്ക് പകരം അത്യുൽപ്പാദനശേഷിയുള്ള പശുക്കളുടെ ഒരു തലമുറ ഉൽപ്പാദിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക.

7. കേരളത്തിലെ ആകെ പാലുൽപ്പാദനം വർദ്ധിപ്പിക്കുക.

(സി) 2014-15 സാമ്പത്തിക വർഷം 24 കോടി രൂപ ഗോവർദ്ധിനി പദ്ധതിക്കായി വകയിരുത്തുകയും 38,160 കന്നുകുട്ടികളെ ഈ പദ്ധതിയിലൂടെ എൻറോൾ ചെയ്യുന്നതിനും സാധിച്ചു. ഈ സാമ്പത്തിക വർഷം ഗോവർദ്ധിനിക്ക് ബഡ്ജറ്റിൽ വകയിരുത്തിയ 30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി തുക ജില്ലകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. കഴിഞ്ഞ വർഷം എൻറോൾ ചെയ്ത 38,160 കന്നുകുട്ടികളുടെ പരിരക്ഷയ്ക്കും ഈ വർഷം എൻറോൾ ചെയ്യാൻ ഉദ്ദേശിക്കുന്ന 9,840 കന്നുകുട്ടികൾക്കും വേണ്ടി തുക വിനിയോഗിച്ചുവരുന്നു.

കടുത്തുരുത്തി വെറ്ററിനറി പോളി ക്ലീനിക്ക്

241 (1619) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വെറ്ററിനറി പോളി ക്ലീനിക്കിന് ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന എ.എച്ച്.സി. 2/9889/2013 ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത ഫയലിലെ നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) മൃഗസംരക്ഷണവകുപ്പ് പുതിയ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) കടുത്തുരുത്തി വെറ്ററിനറി പോളി ക്ലീനിക്കിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഫയൽ (ഫയൽ നമ്പർ 9889/എ.എച്ച്.ജി.2/2013/കൃഷി) ധനകാര്യ വകുപ്പിലേയ്ക്കയക്കുകയും സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പുതിയ തസ്തികകളൊന്നും ടി സാമ്പത്തിക വർഷം സൃഷ്ടിക്കേണ്ട എന്ന തീരുമാനത്തിന്റെ വെളിച്ചത്തിൽ ശിപാർശ തൽക്കാലം പരിഗണിക്കാനാവില്ലെന്ന് തീരുമാനിക്കുകയും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് പുതുക്കിയ പ്രൊപ്പോസൽ ആവശ്യപ്പെടുകയും ചെയ്തുകൊണ്ട് ടി ഫയൽ തൽക്കാലം

LIBRARY ARCHIVES Kerala Legislative Assembly